3. ശ്രീ. കെ.എം. ഉണ്ണികൃഷ്ണൻ, ഫോറസ്റ്റർ
4. ശ്രീ. പി.വി. പരമേശ്വരൻ, ഫോറസ്റ്റർ
5. ശ്രീ. എം.കെ. പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ്
6. ശ്രീ. ശശികുമാർ, ചെങ്കൽക്കെട്ടിൽ, ഫോറസ്റ്റ് ഗാർഡ്
7. ശ്രീ. പി.വി. സുനിൽകുമാർ, ഫോറസ്റ്റ് ഗാർഡ്
8. ശ്രീ. യേശുദാസ്, ഫോറസ്റ്റ് ഗാർഡ്
9. ശ്രീ. നീതു മാത്യു, ഫോറസ്റ്റ് ഗാർഡ്
10. ശ്രീ. പി.പി. മുരളീധരൻ, ഫോറസ്റ്റ് ഗാർഡ്
11. ശ്രീ. എം. ശശിധരൻ, ഫോറസ്റ്റ് ഗാർഡ്

നഷ്ടപരിഹാരം നൽകുന്നതിന് നടപടി

47 (1004)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സുൽത്താൻബത്തേരി നിയോജകമണ്ഡല്ലത്തിലെ നൂൽപ്പുഴ പഞ്ചായത്ത് പ്രദേശത്തെ വന്യമൃഗ ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും പ്രദേശവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) കാട്ടാന ചവിട്ടിക്കൊന്ന നൂൽപ്പുഴ, തോടമൂലയിലെ മൂസാപ്പിള്ളി തോമസിന്റെ കുടുംബത്തിനു നൂൽപ്പുഴ മുക്കുത്തിക്കുന്നിലെ ആദിവാസിയായ ചെക്കുമൂപ്പന്റെ കുടുംബത്തിനും വനം വകുപ്പിൽ നിന്നുള്ള നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൊല്ലപ്പെട്ട മൂസപ്പിള്ളി തോമസിന്റെ കുടുംബത്തിനും ചെക്കുമൂപ്പന്റെ കുടുംബത്തിനും നഷ്ടപരിഹാരം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൂൽപ്പുഴ പഞ്ചായത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും തദ്ദേശവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നതിന് മുത്തങ്ങ റെയിഞ്ചിൽ കൊന്നമൂല, കോട്ടാമൂല, മേക്കുംപറ്റ, കുണ്ടൂർ, പുതുശ്ശേരി, മുണ്ടകൊല്ലി, വാളംവയർ, നൂൽപ്പുഴ, മുക്കുറ്റികുന്ന്, കുണ്ടൂർ സെറ്റിൽമെന്റ്, ചെടിയാലത്തൂർ, കുമഴി, മകരപ്പാടി, എന്നീ പ്രദേശങ്ങളിൽ 31.305 കി.മീ, വൈദ്യുതി കമ്പിവേലിയും കുമഴി, മകരപ്പാടി എന്നീ പ്രദേശങ്ങളിൽ 3 കി.മീ. ട്രഞ്ചും സുൽത്താൻബത്തേരി, റേഞ്ചിൽ പുതുവീട്, കാരശ്ശേരി, നായ്ക്കൂട്ടി, കോണൂർ, പൂത്തൂർമണിമുണ്ട്, പാമ്പൻകൊല്ലി, മാംപള്ളി വെള്ളനാട്, ആലത്തൂർ, കൊടുകര, കുണ്ടിച്ചിറ, മൂന്നുമൂല, പിലാകാവ്, ഓടപ്പള്ളം, മാടക്കുണ്ട്, വള്ളുമാടി, കാളൻകണ്ടി, എടത്തറ കുഴിമല എന്നീ പ്രദേശങ്ങളിൽ 61.5 കി.മീ. വൈദ്യുതി കമ്പിവേലിയും കുറിച്ച്യാട് റെയിഞ്ചിൽ കുറിച്യാട് സെറ്റിൽമെൻറിനു ചുറ്റും 5 കി.മീ. വൈദ്യുത കമ്പിവേലിയും നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മൂസപ്പള്ളി തോമസിന്റെ കുടുംബത്തിന് 2.6.2000ന് 10,000/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കിവരുന്ന തുകയും ചക്കുമൂപ്പന്റെ കുടുംബത്തിനുള്ള നഷ്ടപരിഹാരത്തുകയും ജൂലൈ മാസത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് നടപടി

48(1005)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ) വയനാട് ജില്ലയിലെ മുത്തങ്ങ ചെക്ക്പോസ്റ്റ് കഴിഞ്ഞുള്ള വനംവകുപ്പിന്റെ റോഡുവഴി തോട്ടാമൂല നമ്പിക്കൊല്ലി വഴികളിലൂടെ സ്പിരിറ്റ് കടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗേറ്റ് താഴിട്ടു പൂട്ടുന്ന മുത്തങ്ങയിലെ വനംവകുപ്പ് റോഡിലൂടെ രാത്രിയിൽ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുന്നതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(സി) സ്പിരിറ്റ് കള്ളക്കടത്ത് നടത്തുന്നതിന് കൂട്ട് നിൽക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈയിടെയായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ തലത്തിൽ ഊർജ്ജിതമായ അന്വേഷണം നടന്നു വരികയാണ്. കൂടാതെ വയനാട് വൈൽഡ് ലൈഫ് വാർഡനോട് വനംവകുപ്പ് ഉദ്യോഗസ്ഥന്മാർ കള്ളക്കടത്ത് നടത്തുന്നതിന് കൂട്ട് നിൽക്കുന്നുണ്ടോ എന്ന് സത്വരമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കള്ളക്കടത്ത് നടത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ കൂട്ടു നിൽക്കുന്നതായി അന്വേഷണത്തിൽ തെളിഞ്ഞാൽ അവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതാണ്.

സമഗ്രവന സംരക്ഷണ നിയമം

49(1006)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വനങ്ങൾ സംരക്ഷിക്കുന്നതിനായി സമഗ്രവനസംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

"സമഗ്ര വന സംരക്ഷണ നിയമം" എന്നപേരിൽ ഒരു നിയമം ഇപ്പോൾ നിലവിലില്ല. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് വനസംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly